Page 1 of 2

## ഹയർ സെക്കണ്ടറി ഫീസ് വർദ്ധനവ്

25 (1096) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി പഠനവുമായി ബന്ധപ്പെട്ട ഫീസുകൾ വർദ്ധിപ്പിക്കുകയുണ്ടായോ ; ഏതൊക്കെയിനത്തിൽ, എത്ര ശതമാനം തുകയാണ് വർദ്ധിപ്പിച്ചത് ; നിലവിലുള്ള ഫീസ് എത്രയാണ് ;

(ബി) നിരക്കുവർദ്ധന, സാധാരണക്കാരായ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) നിരക്ക് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യമെന്താണ് ;

(ഡി) വിലക്കയറ്റവും മറ്റ് കാരണങ്ങളാലും പൊറുതിമുട്ടിയ സാധാരണ ജനങ്ങൾക്ക് താങ്ങാവുന്നതല്ല ഫീസുവർദ്ധന ?

ഉത്തരം

(എ-ഡി) നിലവിലുള്ള സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് 2003 മുതൽ നിലനിന്നിരുന്ന ചിലയിനം ഫീസുകളും 2011-ൽ നിലവിൽവന്ന ചിലയിനം ഫീസുകളും 12-12-2012-ലെ സ.ഉ.(ആർടി.) നം.5941/12/പൊ.വി.വ. മുഖാന്തിരം വർദ്ധിപ്പിച്ചത്. എന്നാൽ വിവിധ കോണുകളിൽനിന്നും ഉയർന്ന അഭ്യർത്ഥന കണക്കിലെടുത്ത് ഇതിൽ ഭാഗികമായി ഇളവ് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം

26(1097) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിൽ 2012-13-ലെ ബഡ്ജറ്റിൽ, ഓരോ കണക്കിലും വകയിരുത്തിയ പദ്ധതി, പദ്ധതിയേതര തുക എത്ര ;

(ബി) ഇതിൽ ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്ര ; വിശദാംശം നൽകാമോ ;

(സി) 2012-13 വർഷം വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏവ ; ഇവ ഓരോന്നിനും വകയിരുത്തിയ തുകയും ഖജനാവിൽ നിന്ന് ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെയും ഓരോന്നിനും വകയിരുത്തിയ തുകയും സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം (2)-ൽ ചേർത്തിരിക്കുന്നു.* ഖജനാവിൽ നിന്നും ചെലവഴിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**തീരദേശമേഖലയിൽ ജവഹർ നവോദയ വിദ്യാലയങ്ങൾ**

27(T1098) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശമേഖലയിൽ ജവഹർ നവോദയ വിദ്യാലയങ്ങൾ ആരംഭിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളതായി അറിയുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച സാധ്യതാപഠനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) തീരപ്രദേശ മണ്ഡലമായ താനൂരിൽ, ജവഹർ നവോദയ വിദ്യാലയം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ പൂർത്തിയായി ട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സെറ്റ് പരീക്ഷാ സമ്പ്രദായ പരിഷ്ക്കരണം**

28(1099) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ നിയമനത്തിനായുള്ള യോഗ്യതാ പരീക്ഷയായ സെറ്റിന്റെ വിജയശതമാനത്തിൽ വർഷങ്ങളായി കുറവനുഭവപ്പെടുന്നതും, ചില വിഷയങ്ങളിൽ പരീക്ഷാർത്ഥികൾ കൂട്ടത്തോടെ തോല്ക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) 2010-11, 2011-12, 2012-13 വർഷങ്ങളിലെ സെറ്റ് പരീക്ഷയുടെ വിജയശതമാനം ഓരോ വിഷയത്തിനും എത്ര ; വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള സെറ്റ് പരീക്ഷാ സമ്പ്രദായത്തിൽ കാലോചിതമായ പരിഷ്ക്കാരം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്. , "T" മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.